# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 36

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

2018–ലെ മഹാപ്രളയം, തുടർന്നുണ്ടായ കോവിഡ് മഹാമാരി എന്നീ വൻ ദുരന്തങ്ങളുടെ വേദനകൾ വിട്ടു മാറുന്നതിനു മുമ്പേ, കേരളത്തിന്റെ വിവിധ ജില്ലകളിൽ തുടർച്ചയായി പെയ്യുന്ന വന്മഴയും, ഉരുൾപൊട്ടലും, വെള്ളപ്പൊക്കവും മൂലം ജീവൻ നഷ്ടപ്പെടുകയും പാർപ്പിടങ്ങളും വസ്തുവകകളും കൃഷികളും ഉൾപ്പടെ വൻനാശനഷ്ടങ്ങൾ ഉണ്ടാവുകയും, ദുരിതമനുഭവിക്കുകയും ചെയ്യുന്നവരെ സഹായിക്കുവാനുള്ള ഉത്തരവാദിത്തം നമുക്കുണ്ടല്ലോ.

അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളിൽ ദുരിതം അനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിൽ നമ്മുടെ ഇടവകകളും, സംഘടനകളും, സന്നദ്ധപ്രവർത്തകരും CARD ഉൾപ്പടെയുള്ള ഏജൻസികളും സജീവമായി പ്രവർത്തനരംഗത്തുണ്ട്. കൂടാതെ ഭദ്രാസനാടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി സഹായം എത്തിക്കുന്നതിന് സഭയായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വർഷം തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭം മൂലം സർവ്വവും നഷ്ടപ്പെട്ടവർക്ക് സഹായവും സംരക്ഷണവും നൽകേണ്ടത് സഭയുടെ ഉത്തരവാദിത്തവും ക്രിസ്തീയധർമ്മവുമാകുന്നു. മഹാമാരിയുടെ മദ്ധ്യത്തിലും ദൈവം നമ്മെ മഹാത്ഭുതമായി വഴി നടത്തുന്നു എന്ന ബോധ്യത്തോടെ, സഭാംഗങ്ങൾ ഓരോരുത്തരും തങ്ങളുടെ ഒരു ദിവസത്തെ വരുമാനമോ തത്തുല്യമായ തുകയോ സഭയുടെ ദുരിതാശ്വാസഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് ദൈവസ്നേഹത്തിൽ ഉദ്ബോധിപ്പിക്കുന്നു.

2021 നവംബർ 28–ാം തീയതി ഞായറാഴ്ച ആരാധനമദ്ധ്യേ ദുരിതബാധിത പ്രദേശത്തെ ജനങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രകാഴ്ചയും സംഭാവനകളും സ്വീകരിച്ച് സഭയുടെ ദുരിതാശ്വാസഫണ്ടിലേക്ക് "സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ലാ, കേരള, പിൻ–689101" എന്ന വിലാസത്തിൽ ഡിസംബർ 15–ന് അകം അയച്ചുകൊടുക്കുകയും ചെയ്യണം. ഇൻകം ടാക്സ് ഇളവുകൾ ആവശ്യമുള്ളവർ തങ്ങളുടെ പ്രത്യേക സംഭാവനകൾ സെക്രട്ടറി, മാർത്തോമ്മാ പബ്ലിക് ചാരിററബിൾ ട്രസ്റ്റ്, C/o മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ഇടവക പട്ടക്കാരും, ഇടവക ചുമതലക്കാരും, ഭദ്രാസന ചുമതലക്കാരും അസംബ്ലി അംഗങ്ങളും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തി ഈ ദുരിതാശ്വാസ ഫണ്ട് ശേഖരണം വിജയമാക്കിത്തീർക്കുന്നതിന് വേണ്ട നേതൃത്വവും സഹകരണവും നല്കണം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് 2021 നവംബർ മാസം 18–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**